# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3874 | 15.12.2014-ൽ മറുപടിയ്ക്ക്

## കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ് തയ്യാറാക്കിയത് കൊണ്ട് കൈവരിക്കാനായ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; എന്തെല്ലാം വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്? | (എ) കുറ്റവാളികളുടെ വിവരങ്ങൾ സംസ്ഥാനത്തൊട്ടാകെയുള്ള പോലീസ് ഓഫീസുകളിൽ ലഭ്യമാകുന്ന വിധത്തിൽ സജ്ജീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും, ഉയർന്ന പോലീസ് ഓഫീസുകൾക്കും തങ്ങളുടെ ഓഫീസിൽ നിന്നുതന്നെ സംസ്ഥാനത്തൊട്ടാകെയുള്ള കേസിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ പെട്ടെന്ന് സെർച്ച് ചെയ്ത് ശേഖരിക്കാവുന്നതാണ്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വിവിധ കേസുകളിൽ ഉൾപ്പെട്ട വ്യക്തികളുടെ വിവരങ്ങൾ ഇതിൽ ലഭ്യമാണ്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിലേയ്ക്കായി മറ്റു കേസുകളിൽ ഉൾപ്പെട്ടയാളാണോ എന്ന് പരിശോധിക്കുന്നതിന് ഈ ഡാറ്റാബേസ് സഹായിക്കും. പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകളുടെ വിവരങ്ങളും, കേസ്സിൽ പ്രതിയാക്കപ്പെട്ടവരെ സംബന്ധിച്ച വിവരങ്ങളും ഈ ഡാറ്റാബേസിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ